**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 480** **08-06-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എം.വിജിൻ** | | **Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിലേയ്ക്ക് യുവജനതയെ ആകർഷിക്കുന്നതിനുമായി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ നിക്ഷേപ സമാഹരണ പരിപാടി തുടർന്നുകൊണ്ടുപോകുന്നതിന് ഈ സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; | (എ) | സഹകരണ വായ്പ മേഖലയിലെ നിക്ഷേപത്തോത് വർദ്ധിപ്പിക്കുക, യുവതലമുറയെ സഹകരണ പ്രസ്ഥാനങ്ങളിലേയ്ക്ക് കൂടുതലായി ആകർഷിക്കുക, കേരളത്തിന്റെ വികസനത്തിന് കരുത്തേകുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെ 2021 ഫെബ്രുവരി 1 മുതൽ 2021 മാർച്ച് 31 വരെ നിക്ഷേപ സമാഹരണ പരിപാടി നടത്തുക യുണ്ടായി. ആയത് പൂർണ്ണ വിജയമായിരുന്നു.യുവജനങ്ങളെ കൂടുതലായി സഹകരണ സംഘങ്ങളിലെ അംഗങ്ങളാക്കുന്നതിലേയ്ക്കായി സംഘംതല അംഗത്വ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിനും ടി ക്യാമ്പയിനിലൂടെ കേരള ബാങ്കിന്റെ ആഭിമുഖ്യത്തിൽ സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന ആധുനിക ബാങ്കിംഗ് സംവിധാനങ്ങളെകുറിച്ചും, സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ചും, സാമ്പത്തിക മേഖലയിലെ സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടലിനെ സംബന്ധിച്ചും യുവജനങ്ങളിൽ ബോധവത്കരണം നടത്തുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളാവുന്നതും ഇതിനു പുറമേ യുവജനങ്ങളെ ആകർഷിക്കുന്ന വിധത്തിൽ സഹകരണ മേഖലയിൽ നൂതന സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ കൂടുതൽ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹിക, സാമ്പത്തിക വികസനത്തിനായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വാർഷിക പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ഓഹരി മൂലധനം, പ്രവർത്തന മൂലധനം, ബിൽഡിംഗ് |

| | | | |
|---|---|---|---|
| | | | മെയിന്റനൻസ് ഗ്രാന്റ്, മാനേജിരിയിൽ സബ്സിഡി, റിവൈവൽ സ്കീം, കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ, സ്പെഷ്യൽ റിവൈവൽ സ്കീം എന്നീ പദ്ധതികൾക്ക് ധനസഹായം അനുവദിച്ചു വരുന്നു. കേരള സംസ്ഥാന പട്ടികജാതി/ പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ പുനരുദ്ധാരണത്തിനും ഭരണപരവും വികസനോന്മുഖവുമായ പദ്ധതികൾ നടപ്പാക്കുന്നതിനും എസ്.സി/എസ്.റ്റി ഫെഡറേഷന്റെ കീഴിലുള്ള യൂണിറ്റുകളുടെ വികസനത്തിനും ധനസഹായം അനുവദിയ്ക്കുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പോഷക - ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനായുള്ള സമഗ്ര/ ആരോഗ്യ സംരക്ഷണ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും ധനസഹായം അനുവദിയ്ക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര വികസനത്തിനും പുനരുദ്ധാരണത്തിനുമായി പുനർജ്ജനി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധനസഹായവും വാർഷികപദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | വനിതാ ശക്തീകരണത്തിൽ നിർണായക പങ്ക് വഹിക്കുന്ന വനിതാ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സ്വീകരിയ്ക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | ദുർബല വനിതാ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും അതുവഴി വനിതാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ച് നിത്യവരുമാനം ഉറപ്പാക്കുന്നതിനും അതോടൊപ്പം സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനും അതതു പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ചു കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായമായ പ്രോജക്ടുകൾക്ക് അവയുടെ പ്രായോഗികത, വിജയസാധ്യത, പ്രവർത്തന ലാഭം എന്നിവ വിലയിരുത്തി ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ വനിതാ സഹകരണ സംഘങ്ങളുടെ ആധുനികവത്കരണത്തിനും കമ്പ്യൂട്ടർവത്കരണത്തിനുമായി ധനസഹായം അനുവദിച്ചു വരുന്നു. വനിതാ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനമായി പരമാവധി 2 ലക്ഷം രൂപ വരെയും പ്രവർത്തന മൂലധനമായി 5 ലക്ഷം രൂപ വരെയും ധനസഹായം അനുവദിച്ചുവരുന്നുണ്ട്. വനിതാ സഹകരണ സംഘങ്ങൾക്ക് വാർഷിക പദ്ധതി 2020-21 പ്രകാരം സബ്സിഡി ഇനത്തിൽ 180 ലക്ഷം രൂപയും ഓഹരിയിനത്തിൽ 180 ലക്ഷം രൂപയും വകയിരുത്തുകയും സബ്സിഡി ഇനത്തിൽ 180 ലക്ഷം രൂപയും ഓഹരിയിനത്തിൽ 93.25 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. 2021-22 വർഷത്തിൽ |

| | | | |
|---|---|---|---|
| | | | വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡിനുമുള്ള ധനസഹായം എന്ന സ്കീമിൽ ഉൾപെടുത്തി സബ്സിഡി ഇനത്തിൽ 150 ലക്ഷം രൂപയും ഓഹരിയിനത്തിൽ 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ